<u>പതിനാലാം കേരള നിയമസഭ</u>

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6150 — 20.11.2019 -ൽ മറുപടിയ്ക്ക്

## കലാകാരന്മാരുടെ അനന്തരാവകാശികൾക്കുള്ള വാർഷിക പെൻഷൻ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എ.എൻ.ഷംസീർ :** | **ശ്രീ. എ. കെ. ബാലൻ**<br>**പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി** |
| എ) പ്രമുഖകലാകാരന്മാരുടെ അനന്തരാവകാശികൾക്കുള്ള വാർഷിക പെൻഷൻ പദ്ധതിയിൽ എത്ര രൂപയാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ; ആയതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | എ) കലാ, സാംസ്കാരിക, സാഹിത്യ രംഗത്തെ പ്രശസ്തരും പ്രമുഖരുമായ വ്യക്തികളുടെ വിധവകൾക്കും/ആശ്രിതർക്കും പ്രതിമാസ ധനസഹായം നൽകുന്ന പദ്ധതി പ്രകാരം സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റ് മുഖേന 4000/- (നാലായിരം രൂപ) രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നുണ്ട്.<br>കേരള ചലച്ചിത്ര അക്കാദമി അർഹരായവർക്ക് പ്രതിമാസം 1000/-(ആയിരം രൂപ) രൂപ വീതം പെൻഷൻ അനുവദിക്കുന്നു. വിധവ, വിഭാര്യൻ, മാതാവ്, പിതാവ്, അവിവാഹിതയായ പുത്രി, പ്രായപൂർത്തിയാകാത്ത പുത്രൻ എന്നിവർക്കാണ് അനന്തരാവകാശികൾ എന്ന നിലയിൽ പെൻഷന് അർഹതയുള്ളത്.<br>കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് 1100/- രൂപ കുടുംബപെൻഷൻ അനുവദിക്കുന്നുണ്ട്. കുറഞ്ഞത് 2 വർഷം അംശദായം അടച്ച ഒരു അംഗമോ, പദ്ധതി പ്രകാരം പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്ന അംഗമോ മരണപ്പെട്ടാൽ അയാളുടെ കുടുംബത്തിന് കുടുംബപെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്. മുൻഗണനാ ക്രമത്തിൽ പെൻഷന് അപേക്ഷിക്കാൻ അർഹത ഉണ്ടായിരിക്കുന്നതാണ്. അവിവാഹിതരായ മക്കളാണ് അപേക്ഷകരെങ്കിൽ അവരുടെ വിവാഹം വരെ മാത്രമേ ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ. ഇപ്രകാരം പെൻഷൻ ലഭിക്കുന്നവർ വിവാഹം നടന്ന വിവരം സെക്രട്ടറിയെ രേഖാമൂലം അറിയിക്കേണ്ടതാണ്. ആൺമക്കളാണ് അപേക്ഷകരെങ്കിൽ അവർ പ്രായപൂർത്തിയാകുകയോ സ്വന്തമായി ഉപജീവനം ലഭിക്കുകയോ ഏതാണോ ആദ്യം സംഭവിക്കുന്നത് അതോടുകൂടി അവർ പെൻഷന് അർഹരല്ലാതായി തീരുന്നതാണ്. |
| ബി) പ്രസ്തുത തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വെളിപ്പെടുത്താമോ? | ബി) ഇപ്പോൾ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**